प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
Department of Communication, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022- 22660502

ജൂൺ 4, 2021

## തീവ്രസമ്പർക്ക മേഖലകൾക്കുള്ള ഓൺ-ടാപ് ലിക്വിഡിറ്റി ജാലകം

1. 2021 ജൂൺ 04 ന് പുറപ്പെടുവിച്ച വികസനപരവും നിയന്ത്രണാധികാരപരവുമായ നയങ്ങൾ സംബന്ധിച്ച പ്രസ്താവനയിൽ പ്രഖ്യാപിച്ചിരുന്നതു പോലെ, ചില നിശ്ചിത തീവ്രസമ്പർക്ക മേഖലകൾക്കായി 2022 മാർച്ച് 31 വരെയ്ക്കും റിപ്പോ നിരക്കിൽ മൂന്നുവർഷം വരെയുള്ള കാലയളവുകളിലായി 15000 കോടി രൂപയുടെ ഒരു പ്രത്യേക ലിക്വിഡിറ്റി ജാലകം തുറക്കാൻ തീരുമാനിച്ചിരിക്കുന്നു. മുകളിൽപറഞ്ഞ മേഖലകളിൽ ഇനിപ്പറയുന്നവയുൾപ്പെടുന്നു. ഹോട്ടലുകളും, റസ്റ്റോറൻറുകളും, ടൂറിസം രംഗത്ത് ട്രാവൽഏജൻറുകൾ, ടൂർ ഓപ്പറേറ്റർമാർ, സാഹസിക/പൈതൃക സൗകര്യങ്ങൾ, വ്യോമയാന അനുബന്ധ സേവനങ്ങൾ - ഗ്രൗണ്ട് കൈകാര്യവും വിതരണ ശൃംഖലയും; സ്വകാര്യ ബസ് ഓപ്പറേറ്റർമാർ, കാർ അറ്റകുറ്റപ്പണി സേവനങ്ങൾ, വാടകയ്ക്ക് - ഒരു - കാർ സേവനദാതാക്കൾ, ഇവൻറ്/കോൺഫറൻസ് സംഘാടകർ, സ്പാ ക്ലിനിക്കുകൾ, ബ്യൂട്ടിപാർലറുകൾ/സലൂണുകൾ എന്നിവയുൾപ്പെടെയുള്ള ഇതര സേവനങ്ങൾ.

2. ഈ പദ്ധതി പ്രകാരം ബാങ്കുകൾ ഒരു പ്രത്യേക കോവിഡ് വായ്പ രേഖ സൃഷ്ടിക്കേണ്ടതാണ്. ഒരു പ്രോത്സാഹനം എന്ന നിലയ്ക്ക് അത്തരം ബാങ്കുകൾക്ക് അവയുടെ കൈവശമുള്ള അധിക രൊക്കപ്പണം ഈ പദ്ധതിപ്രകാരം അവർ സൃഷ്ടിക്കുന്ന കോവിഡ് വായ്പാ രേഖയുടെ വലുപ്പത്തോളമുള്ള അളവിൽ റിസർവ് ബാങ്കിൽ സൂക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. റിവേഴ്സ് റിപ്പോ ജാലകപ്രകാരം ഇങ്ങനെ സൂക്ഷിക്കുന്ന പണത്തിന് റിപ്പോ നിരക്കിലും 25 ബിപിഎസ് കുറഞ്ഞതായ ഒരു നിരക്കിൽ അവർക്ക് പലിശ ലഭിക്കുന്നതാണ്.

3. മുകളിൽ പ്രത്യേകമായി പരാമർശിച്ചിരിക്കുന്ന വിഭാഗങ്ങൾക്കായി വായ്പകൾ നൽകുവാൻ വേണ്ടി ഈ പദ്ധതിപ്രകാരം റിസർവ് ബാങ്കിൽ നിന്നും പണം കടമെടുക്കാതെ സ്വന്തം വിഭവങ്ങൾ ഉപയോഗിക്കാൻ ആഗ്രഹമുള്ള ബാങ്കുകൾക്കും മുകളിൽ രണ്ടാം ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന പ്രോത്സാഹനം ലഭിക്കാനുള്ള അർഹതയുണ്ടായിരിക്കുന്നതാണ്.

4. ഈ പദ്ധതിയുടെ പ്രവർത്തനപരമായ വിശദവിവരങ്ങൾ അനുബന്ധം - 1 ൽ നൽകിയിരിക്കുന്നു.

**(യോഗേഷ് ദയാൽ)**
ചീഫ് ജനറൽമാനേജർ

**പ്രസ് റിലീസ്: 2021-2022/323**

**അനുബന്ധം - 1**

തീവ്ര സമ്പർക്ക മേഖലകൾക്കായുള്ള ഓൺ-ടാപ് ലിക്വിഡിറ്റി ജാലകത്തിന് പ്രവർത്തനപരമായ വിശദവിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്:

(എ) ഈ പദ്ധതിയുടെ പ്രവർത്തനം 2021 ജൂൺ 07 മുതൽ 2022 മാർച്ച് 31 വരെ നിലവിലുണ്ടായിരിക്കും.

(ബി) ലിക്വിഡിറ്റി അഡ്ജസ്റ്റ്മെൻറ് സൗകര്യ (എൽഎഎഫ്) പ്രകാരം അർഹതയുള്ള എല്ലാ ബാങ്കുകൾക്കും ഈ പദ്ധതികളിൽ പങ്കെടുക്കാവുന്ന താണ്. ആർബിഐയിൽ നിന്നും പണമെടുക്കാൻ ആഗ്രഹമുള്ള ബാങ്കുകളുടെ അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നത് അപേക്ഷാ തീയതിയിലെ പണലഭ്യതയുടെ അടിസ്ഥാനത്തിലായിരിക്കും. അതായത്, പദ്ധതിപ്രകാരം നിശ്ചയിച്ചിരിക്കുന്ന മൊത്തം തുകയായ 15000 കോടിരൂപ ഇതിനകം തന്നെ ബാങ്കുകൾ എടുത്തു കഴിഞ്ഞിട്ടുണ്ടെങ്കിലൽ പണലഭ്യതയ്ക്ക് ഉറപ്പ് നല്കാൻ കഴിയുകയില്ല. മാത്രവുമല്ല, റിസർവ് ബാങ്കിൽനിന്നും ഇപ്രകാരം ലഭിക്കുന്ന പണം ന്യായമായ ഒരു സമയ പരിധിയ്ക്കുള്ളിൽ, അതായത്, 30 ദിവസത്തിലും വൈകാതെ വായ്പകളായി വിതരണം ചെയ്യുവാൻ ബാങ്കുകൾ ശ്രമിക്കേണ്ടതുണ്ട്. ഈ പദ്ധതിപ്രകാരം ബാങ്കുകൾ നല്കുന്ന വായ്പകളുടെ കാലാവധി സംബന്ധിച്ച് നിയന്ത്രണങ്ങളൊന്നുമുണ്ടായിരിക്കുന്നതല്ല. എന്നിരുന്നാലും ആർബിഐ യിൽ നിന്നും കടമെടുത്തപണം ഈ പദ്ധതിയുടെ കാലാവധിയെത്തുംവരെ പൂർണമായും നിർദ്ദിഷ്ട മേഖലകളിൽ എക്കാലത്തും വായ്പയായി വിതരണം ചെയ്തിരിക്കുമെന്നത് ബാങ്കുകൾ ഉറപ്പുവരുത്തേണ്ടതാണ്.

(സി) പദ്ധതി കമ്പ്യൂട്ടറിലായിരിക്കും പ്രവർത്തന സജ്ജമാക്കുക. ഫണ്ടുകൾക്കു വേണ്ടിയുള്ള അപേക്ഷകൾ ബങ്കുകൾക്ക് അനുബന്ധം – 2 ൽ നൽകിയിരിക്കുന്ന ഫോർമാറ്റിൽ ഇ-മെയിൽ മുഖേന അയക്കുവാൻ കഴിയുന്നതാണ്. റിസർവ് ബാങ്കിൽ അത്തരത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളെല്ലാം സമാഹരിച്ചതിനുശേഷം എല്ലാ തിങ്കളാഴ്ചകളിലും ഫണ്ടുകൾ അനുവദിച്ചു നല്കുന്നതായിരിക്കും (തിങ്കൾ അവധി ദിനമെങ്കിൽ തൊട്ടടുത്ത പ്രവർത്തിദിനത്തിൽ). ഇതിനായി, അപേക്ഷ നല്കിയ ബാങ്കുകളുമായി മൂന്നുവർഷക്കാലത്തേക്കുള്ള ഒരു റിപ്പോ ഉടമ്പടിയിൽ ഏർപ്പെടേണ്ടതുണ്ട്.

(ഡി) ഒരു ബാങ്ക് ഒരാഴ്ചയി. ഒന്നിലധികം അപേക്ഷകൾ നൽകുന്ന പക്ഷം അത്തരത്തിലുള്ള അപേക്ഷകളെല്ലാം സമാഹരിച്ച്, ഫണ്ടുകൾ നല്കുന്ന തീയതിയിൽ ഒരൊറ്റ റിപ്പോ ഉടമ്പടി സൃഷ്ടിക്കുന്നതായിരിക്കും.

(ഇ) ഫണ്ടുകൾ നല്കുന്ന തീയതിയിൽ അവശേഷിച്ചിരിക്കുന്ന തുകയേക്കാളും കവിഞ്ഞ അപേക്ഷകൾ ലഭിച്ചിരിക്കുന്ന പക്ഷം, അവശേഷിച്ചിരിക്കുന്ന തുക, ലഭിച്ച എല്ലാ അപേക്ഷകളിൻമേലുമായി ആനുപാതികാടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതായിരിക്കും.

(എഫ്) വീതിച്ചു നല്കുന്ന ഫണ്ടുകളുടെ അളവ് നിശ്ചയി ക്കാനും/സ്വീകരിക്കാനും/ഏതെങ്കിലും അപേക്ഷയോ അല്ലെങ്കിൽ എല്ലാ അപേക്ഷകളുമോ, പൂർണ്ണമായോ അല്ലെങ്കിൽ ഭാഗികമായോ, ഒരു കാരണവും നൽകാതെ നിരസിക്കുവാനുള്ള അവകാശം റിസർവ് ബാങ്കിൽ നിക്ഷിപ്തമായിരിക്കും.

(ജി) അധിക ഈട്, മാർജിൻ എന്നിവ സംബന്ധമായ നിബന്ധനകൾ ലിക്വിഡിറ്റി അഡ്ജസ്റ്റ്മെൻറ് സൗകര്യം (എൽഎഎഫ്) ബാധകമായ അതേ നിബന്ധനകൾ തന്നെയായിരിക്കും. അപേക്ഷിക്കുന്ന ബാങ്കിന്, പണം ലഭിക്കുന്ന തീയതിയിൽ അവരുടെ റിപ്പോ ഘടക അക്കൗണ്ടിൽ മതിയായ ഈടുകൾ ലഭ്യമാണെന്നത് പ്രസ്തുത ബാങ്ക് ഉറപ്പുവരുത്തേണ്ടതാണ്. ഈടുകൾ വച്ചുമാറാനുള്ള സൗകര്യമുൾപ്പെടെ, എൽഎഎഫിന് ബാധകമായ മറ്റെല്ലാ വ്യവസ്ഥകളും നിബന്ധനകളും ആവശ്യമായ മാറ്റങ്ങളോടെ, ഈ പദ്ധതിക്കും ബാധകമായിരിക്കുന്നതാണ്.

(എച്ച്) ഈ പദ്ധതിപ്രകാരം സൃഷ്ടിക്കപ്പെട്ട കോവിഡ് വായ്പ രേഖയോളം വലിപ്പത്തിൽ ബാങ്കുകൾക്ക് അവരുടെ കൈവശമുള്ള മിച്ചരൊക്കപ്പണം നിക്ഷേപിക്കുവാൻ കഴിയുന്നതാണ്. ബാങ്കിങ്ങ് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുവാനുള്ള എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് 12.30 നും 1.00 നും ഇടയിൽ പ്രവർത്തിക്കുന്ന ഒരു പ്രത്യേക 14-ദിന റിവേഴ്സ് റിപ്പോ ജാലകത്തിലൂടെയായിരിക്കണം ഇപ്രകാരം ചെയ്യേണ്ടത്. ഇപ്രകാരമുള്ള പ്രഥമ പ്രവർത്തനം 2021 ജൂൺ 18-ന് നടത്തപ്പെടുന്നതായിരിക്കും. ഈ 14-ദിന റിവേഴ്സ് റിപ്പോ ഇടപാടുകൾ 2022 മാർച്ച് 31 വരേയ്ക്കും തുടരുന്നതും അതിനുശേഷം പുനരലോകനം ചെയ്യപ്പെടുത്തുന്നതുമായിരിക്കും. പ്രത്യേക 14 ദിന റിവേഴ്സ് റിപ്പോ ജാലകത്തിൽഫണ്ടുകൾ നിക്ഷേപിക്കുന്നതിനു മുൻപ് മുകളിൽ പ്രസ്താവിച്ച നിബന്ധനകൾ കണിശമായി പാലിക്കപ്പെടുന്നുണ്ടെന്നത് ബാങ്കുകൾ ഉറപ്പാക്കേണ്ടതുണ്ട്.

(ഐ) ഈ പദ്ധതിപ്രകാരം ആർബിഐയിൽ നിന്നും ഫണ്ടുകൾ ഒന്നുമെടുക്കാതെ സ്വന്തം വിഭവങ്ങൾ വിന്യസിക്കാൻ ആഗ്രഹിക്കുന്ന ബാങ്കുകളും മുകളിലെ ഖണ്ഡിക (എച്ച്) യിൽ നിർദ്ദേശിച്ചിരിക്കുന്ന സൗകര്യം ലഭിക്കാൻ അർഹരാണ്. പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന പ്രത്യേക മേഖലകൾക്കായി വായ്പ നല്കാൻ സ്വന്തം വിഭവങ്ങൾ ഉപയോഗിക്കുന്ന ബാങ്കുകൾ കോവിഡ് വായ്പരേഖയിൽ മുൻപിലത്തെ ആഴ്ചയിൽ വരുത്തിയ എന്തെങ്കിലും മാറ്റങ്ങൾ പദ്ധതി അവസാനിക്കുന്ന കാലം വരേയ്ക്കും തിങ്കളാഴ്ചതോറും ഇ-മെയിൽ മുഖേന ഫിനാൻഷ്യൽ മാർക്കറ്റ്സ് ഓപ്പറേഷൻസ് ഡിപ്പാർട്ട്മെന്റിനെ അറിയിക്കേണ്ടതാണ്.

(ജെ) ഈ പദ്ധതിപ്രകാരം ഉപയോഗപ്പെടുത്തിയ തുകയെക്കുറിച്ചുള്ള വിവരങ്ങൾ വിപണിയിലെ പങ്കാളികളെ മണി മാർക്കറ്റ് ഓപ്പറേഷൻസ് (എംഎംഒ) പത്രക്കുറിപ്പുകളിലൂടെ അറിയിക്കുന്നതായിരിക്കും.

(കെ) ഈ സൗകര്യത്തിൻറെ പ്രവർത്തനപരമായ വശങ്ങളെക്കുറിച്ചുള്ള എല്ലാ സംശയങ്ങളും/വിശദീകരണങ്ങളും ഇ-മെയിൽ അല്ലെങ്കിൽ ടെലിഫോൺ നമ്പർ ഉള്ള 022-22630982 മുഖാന്തിരം ഫിനാൻഷ്യൽ മാർക്കറ്റ്സ് ഓപ്പറേഷൻസ് ഡിപ്പാർട്ട്മെൻറിലേക്ക് തിരിച്ചുവിടേണ്ടതാണ്. എല്ലാ സാങ്കേതിക വിഷയങ്ങളും ഇ-മെയിൽ (ekuberhelpdesk@rbi.org.in) മുഖേന ഇ-കുബേർ ഹെൽപ്ഡെസ്കിലേക്ക് തിരിച്ചുവിടേണ്ടതാണ്. അതിൻറെ ഒരു മാതൃക laffmd@rbi.org.in ലേക്ക് അയക്കുകയോ ടെലിഫോൺ നമ്പർ 022-27595662/67/022/27595591/92/93/94 ലൂടെ അറിയിക്കുകയോ ചെയ്യാവുന്നതാണ്.

**അനുബന്ധം – 2**

## ഓണ്‍-ടാപ് ലിക്വിഡിറ്റി ജാലകപ്രകാരം തീവ്രസമ്പര്‍ക്ക മേഖകള്‍ക്കുള്ള ഫണ്ടുകള്‍ ലഭ്യമാക്കുന്നതിനുള്ള അപേക്ഷാ ഫോറം

ചീഫ് ജനറല്‍ മാനേജര്‍
ഫിനാന്‍ഷ്യല്‍ മാര്‍ക്കറ്റ്സ് ഓപ്പറേഷന്‍സ് ഡിപ്പാര്‍ട്ടമെന്‍റ്
റിസര്‍വ് ബാങ്ക് ഓഫ് ഇന്ത്യ, മുംബൈ

പ്രിയപ്പെട്ട സര്‍,

### തീവ്രസമ്പര്‍ക്കമേഖലകള്‍ക്കുള്ള ഓണ്‍-ടാപ് ലിക്വിഡിറ്റി വിന്‍ഡോയ്ക്കായുള്ള ടെണ്ടര്‍

താഴെ ഒപ്പിട്ടിരിക്കുന്ന ഞാന്‍/ഞങ്ങള്‍ ഭാരതീയ റിസര്‍വ് ബാങ്കിന്‍റെ 2021 ജൂണ്‍.........ന് പുറപ്പെടുവിച്ച നമ്പര്‍........പത്രക്കുറിപ്പ് വഴി പ്രഖ്യാപിച്ച മുകളില്‍ പ്രസ്താവിച്ച പദ്ധതിപ്രകാരമുള്ള ഫണ്ടുകള്‍ അനുവദിക്കുന്നതിനായി ഇതിനാല്‍ അപേക്ഷിക്കുന്നു.

**2. ഞങ്ങളുടെ അപേക്ഷയുടെ വിശദവിവരങ്ങള്‍ താഴെപ്പറയും പ്രകാരമാണ്:**

| | | |
|---|---|---|
| എ | ബാങ്കിന്‍റെ പേര് | |
| ബി | ലേലത്തിനായുള്ള അപേക്ഷ സമര്‍പ്പിക്കുന്ന തീയതി | |
| സി | തീര്‍പ്പ് തീയതി (ആദ്യപാദം) | |
| ഡി | ലേലം വിളിക്കുന്ന തുക: അക്കങ്ങളില്‍ | |
| | അക്ഷരങ്ങളില്‍ | |
| ഇ | ബന്ധപ്പെടേണ്ട വ്യക്തിയുടെ പേരും മൊബൈല്‍ നമ്പരും | |
| എഫ് | ഇ-മെയില്‍/ഫാക്സ് നമ്പര്‍ | |
| ജി | റിപ്പോ കോണ്‍സ്റ്റിറ്റ്യൂയന്‍റ് എസ്.ജി.എല്‍. അക്കൗണ്ട് നമ്പര്‍ | |
| എച്ച് | കറന്‍റ് അക്കൗണ്ട് നമ്പര്‍ | |

3. **സത്യവാങ്മൂലം**

എ) ലേലപ്രകാരം അനുവദിക്കപ്പെടുന്ന തുകകള്‍ പദ്ധതിയില്‍ പ്രഖ്യാപിച്ചിരിക്കുന്ന രീതിയില്‍ വിതരണം ചെയ്യുന്നതായിരിക്കും.

ബി) ഈ പദ്ധതിയ്ക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ വിഷയത്തില്‍ എന്തെങ്കിലും മാര്‍ഗത്തില്‍ ഭാരതീയ റിസര്‍വ് ബാങ്കില്‍ നിന്നും ലഭിക്കുന്ന മറ്റേതെങ്കിലും നിര്‍ദ്ദേശങ്ങളും/ അറിയിപ്പുകളും പാലിച്ചുകൊള്ളാമെന്ന് ഞാന്‍/ഞങ്ങള്‍ സമ്മതിക്കുന്നു.

നിങ്ങളുടെ വിശ്വസ്തതയുള്ള,

(എസ്.ജി.എല്‍. അക്കൗണ്ട് /കറന്‍റ് അക്കൗണ്ട് പ്രവര്‍ത്തിപ്പിക്കാന്‍ അധികാരപ്പെട്ട ഉദ്യോഗസ്ഥന്‍റെ/ഉദ്യോഗസ്ഥരുടെ ഒപ്പ്)

| | |
|---|---|
| പേര് | പേര് |
| ഉദ്യോഗപ്പേര് | ഉദ്യോഗപ്പേര് |
| തീയതിയും ഓഫീസ് മുദ്രയും | തീയതിയും ഓഫീസ് മുദ്രയും |